"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം- ബോധവൽക്കരണ വിഭാഗം (APC) ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഉപയോഗത്തിനായി ഒരു ചെയർ വാങ്ങുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.326/2026/TAXES തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 21.07.2025 ലെ ഇ.എക്സ്.സി/3438/2025 -എക്സ്.എം3 നമ്പർ കത്ത്.

**ഉത്തരവ്**

ബോധവൽക്കരണ വിഭാഗം (APC) ജോയിൻറ് എക്സൈസ് കമ്മീഷണർ നിലവിൽ ഉപയോഗിച്ച് വരുന്ന കസേര റിപ്പയർ ചെയ്ത് ഉപയോഗിയ്ക്കുവാൻ കഴിയാത്ത വിധം നാശോന്മുഖമായതിനാൽ ടിയാന്റെ ഉപയോഗത്തിനായി പുതിയ റിവോൾവിംഗ് ചെയർ വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതിനായി പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോധവൽക്കരണ വിഭാഗം (APC) ജോയിൻറ് എക്സൈസ് കമ്മീഷണറുടെ ഉപയോഗത്തിനായി 10,000/-രൂപയിൽ (പതിനായിരം രൂപാ മാത്രം) അധികരിക്കാത്ത ചെലവിലുള്ള ഒരു ചെയർ നടപ്പു വർഷത്തെ 2039-00-001-94-00-05-04 NV എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും നിലവിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും,ബജറ്റ് ലഭ്യതയ്ക്ക് വിധേയമായും വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ് -ഇ.ആർ.എസ്.എ )
കേരളം,തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ്(3436408/EXP-B1/100/2026-FIN DATED 10.03.2026).

4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്).

5.കരുതൽ ഫയൽ /ഓഫീസ് കോപ്പി(TAXES-F3/30/2026-TAXES).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 17-03-2026 11:16:13

സെക്ഷൻ ഓഫീസർ